(ബി) സാമ്പത്തിക വർഷത്തെ ആദ്യ പകുതിയിൽ പ്രതീക്ഷിച്ച തരത്തിൽ നികുതി വരവുണ്ടാകാതിരുന്നതിനാൽ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗരറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക യിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു.

റവന്യൂ വരുമാനത്തിലെ കുറവ്

148 (494) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഈ കാലയളവിൽ വാണിജ്യ നികുതിയിനത്തിൽ എത്ര തുക ലഭ്യമായി എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷം അവസാനിച്ചെങ്കിൽ മാത്രമേ റവന്യൂ വരുമാനം സംബന്ധിച്ച അന്തിമ വിലയിരുത്തൽ സാധ്യമാകുകയുള്ളൂ. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 70% റവന്യൂ വരവിനത്തിൽ ലഭിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 2015 ജനുവരി 31 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം വാണിജ്യ നികുതിയിനത്തിൽ 22547.81 കോടി രൂപ ലഭിച്ചിട്ടുണ്ട്.

പ്ലാൻ-നോൺ പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക

149 (495) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തികവർഷം പദ്ധതി, പദ്ധതിയേതര ഫണ്ടിൽ വകയിരുത്തിയ തുക ഇനം തിരിച്ചും വകുപ്പ് തിരിച്ചും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly